# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്(1)

**2024 മാർച്ച് 14**

---

## അസിസ്റ്റൻറ് പ്രഫസർ; കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ സ്കൂൾ സെന്ററുകളിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റൻ പ്രഫസർ നിയമനത്തിനുള്ള അപേക്ഷ ക്ഷണിച്ചു.

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആന്റ് റിസർച്ച് ഇൻ ബേസിക് സയൻസസിൽ(ഐഐആർബിഎസ്) ബയോളജി(എസ്ഐയുസി.നാടാർ), മാത്തമാറ്റിക്സ് (ഒബിസി) വിഷയങ്ങളിലും ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൾട്ടിഡിസിപ്ലിനറി പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസസിൽ(ഐഎംപിഎസ്എസ്) ഇക്കണോമിക്സ്(ധീവര), മലയാളം(പിഎച്ച്-ഒ) എന്നീ വിഷയങ്ങളിലും ഒരു ഒഴിവു വീതതമാണുള്ളത്.

സംവരണ വിഭാഗത്തിൽ പെട്ടവരുടെ അഭാവത്തിൽ മറ്റു സംവരണ വിഭാഗങ്ങളിൽ പെട്ടവരെയോ ജനറൽ വിഭാഗക്കാരെയോ പരിഗണിക്കും.
വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷാഫോം പൂരിപ്പിച്ച് സർട്ടിഫിക്കറ്റുകളുടെ സ്കാൻ ചെയ്ത പകർപ്പുകൾ സഹിതം വിജ്ഞാപന തീയതി മുതൽ 10 ദിവസത്തിനകം ada7@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ അപേക്ഷ അയയ്ക്കണം. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/245/2024)

## ടെക്നിക്കൽ അസിസ്റ്റൻറ്; കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെൻറർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എജ്യുക്കേഷനിൽ(സിഡിഒഇ) ടെക്നിക്കൽ അസിസ്റ്റൻറ് തസ്തികയിൽ താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ടെക്നിക്കൽ അസിസ്റ്റൻറ്(ഓഡിയോ-വീഡിയോ എഡിറ്റിംഗ്) തസ്തികയിൽ ഇ/ബി/ടി വിഭാഗത്തിലെ ഒരൊഴിവിലേക്ക് ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. പ്രവർത്തന മികവിൻറെ അടിസ്ഥാനത്തിൽ മൂന്നു വർഷം സേവനം വരെ ദീർഘിപ്പിക്കാം.

ബി.എ മൾട്ടിമീഡിയ അല്ലെങ്കിൽ തത്തുല്യ വിഷയത്തിൽ ബിരുദം, എഡിറ്റിംഗ്/സിനിമറ്റോഗ്രാഫിയിൽ ഡിപ്ലോമ എന്നിവയിൽ ഏതെങ്കിലും യോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാം.

അഡോബ് പ്രീമിയർ പ്രോ, ഫൈനൽ കട്ട് പ്രോ എന്നീ വീഡിയോ എഡിറ്റിംഗ് ടൂളുകളിൽ വൈദഗ്ദ്യവും വീഡിയോ എഡിറ്റിംഗ്, റെക്കോഡിംഗ് ജോലികളിൽ പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം.

ഇല്ലസ്ട്രേറ്റർ, ഫോട്ടോഷോപ്പ് സിഎസ് 5, മ്യൂസ്, ആഫ്റ്റർ ഇഫക്ട്സ്, സ്പാർക്ക് എന്നിവയിൽ അറിവ് അഭികാമ്യം.

പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 25000 രൂപ. പ്രായപരിധി 2023 നവംബർ ഒന്നിന് 35 കവിയരുത്(അർഹ വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവ് അനുവദിക്കും).

വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷാ ഫോം പൂരിപ്പിച്ച് സർട്ടിഫിക്കറ്റുകളുടെ സ്കാൻ ചെയ്ത പകർപ്പുകൾ സഹിതം coe@mgu.ac.in എന്ന ഇ-മെയിലിൽ വിജ്ഞാപന തീയതി മുതൽ ഏഴു ദിവസത്തിനകം ലഭിക്കത്തക്ക വിധം അയക്കണം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/246/2024)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

അഫിലിയേറ്റഡ് കോളജുകളിൽ ഏപ്രിൽ 15ന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽഎൽബി(2022 അഡ്മിഷൻ റഗുലർ, 2018-2021 അഡ്മിഷനുകൾ സപ്ലിമെൻററി), മൂന്നാം സെമസ്റ്റർ ത്രിവത്സര എൽഎൽബി(2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾക്ക് മാർച്ച് 22 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

മാർച്ച് 26 വരെ ഫൈനോടു കൂടിയും ഏപ്രിൽ മൂന്നു വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

............................

അഫിലിയേറ്റഡ് കോളജുകൾ നടത്തുന്ന രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബിഎ എൽഎൽബി, ബിബിഎ എൽഎൽബി, ബികോം എൽഎൽബി പരീക്ഷകൾക്ക് മാർച്ച് 22 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

മാർച്ച് 25 വരെ ഫൈനോടു കൂടിയും മാർച്ച് 27 വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

................................

അഫിലിയേറ്റഡ് കോളജുകൾ നടത്തുന്ന നാലാം സെമസ്റ്റർ എൽഎൽഎം(2021

അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾക്ക് മാർച്ച് 21 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

മാർച്ച് 22 വരെ ഫൈനോടു കൂടിയും മാർച്ച് 25 വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

............................

അഫിലിയേറ്റഡ് കോളജുകൾ നടത്തുന്ന രണ്ടാം സെമസ്റ്റർ എൽഎൽഎം(ബ്രാഞ്ച് 1-കൊമേഴ്സ്യൽ ലോ, ബ്രാഞ്ച് 2-ക്രിമിനൽ ലോ)(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെൻററി), പരീക്ഷകൾക്ക് മാർച്ച് 21 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

മാർച്ച് 22 വരെ ഫൈനോടു കൂടിയും മാർച്ച് 25 വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

............................

രണ്ടാം സെമസ്റ്റർ എൽഎൽഎം(2020 അഡ്മിഷൻ സപ്ലിമെൻററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് പരീക്ഷകൾക്ക് മാർച്ച് 21 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

മാർച്ച് 22 വരെ ഫൈനോടു കൂടിയും മാർച്ച് 25 വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/247/2024)

## <u>പരീക്ഷാ ഫലം</u>

കഴിഞ്ഞ സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.കോം എൽഎൽബി(ഓണേഴ്സ് - 2020 അഡ്മിഷൻ റഗുലർ, 2018,2019 അഡ്മിഷനുകൾ സപ്ലിമെൻററി), പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം എൽഎൽബി(ഓണേഴ്സ് - 2015-2017 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് മാർച്ച് 30 വരെ 2018 അഡ്മിഷൻ മുതലുള്ള വിദ്യാർഥികൾ ഓൺലൈനിലും 2018 അഡ്മിഷന് മുൻപുള്ളവർ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ നേരിട്ടും സമർപ്പിക്കണം.

...........................

കഴിഞ്ഞ സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.എ എൽഎൽബി(2015, 2012-2014 അഡ്മിഷനുകൾ സപ്ലിമെൻററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് മാർച്ച് 30 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ

സമർപ്പിക്കാം.

..............................

കഴിഞ്ഞ വർഷം മാർച്ചിൽ ഒന്നും രണ്ടും സെമസ്റ്റർ എംഎ മലയാളം(പ്രൈവറ്റ് പഠനം)(2016-18 അഡ്മിഷനുകൾ സപ്ലിമെൻററി, 2014-15 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് മാർച്ച് 30 വരെ ഓൺലൈനിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/248/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**